**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2106** **20-01-2021 - ൽ മറുപടിയ്ക്ക്**

**കൽപ്പറ്റ മണ്ഡലത്തിലെ കോവിഡ് 19- പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി .കെ .ശശീന്ദ്രൻ | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ കൽപ്പറ്റ മണ്ഡലത്തിലെ വിവിധ ആശുപത്രികളിലും ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലും നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വിവിധ ആശുപത്രികൾ (PHC/FHC/GH/THQH) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. ഓരോ ആശുപത്രിയുടെ കീഴിലും ഫീൽഡ് ലെവലിൽ ബോധവത്ക്കരണം നടത്താനും contact tracing/Quarantine എന്നിവ നടപ്പാക്കുന്നതിനും RRT(Rapid Response Team) കൾ രൂപീകരിച്ച് പ്രവർത്തനം നടത്തി. ആശുപത്രികൾ കേന്ദ്രീകരിച്ച് സ്വാബ് ടെസ്റ്റിംഗ് കൃത്യമായി നടത്തി. വൈത്തിരി താലൂക്ക് ആശുപത്രിയിൽ ഒ.പി ബ്ലോക്കിന് താഴെയുള്ള ഭാഗത്ത് 10 ബെഡുള്ള ഒരു ICU സജ്ജമാക്കി. കൽപ്പറ്റ നിയോജകമണ്ഡലത്തിന് കീഴിൽ വിവിധ പഞ്ചായത്തുകളിലായി ആവശ്യം വന്നാൽ പ്രവർത്തന സജ്ജമാക്കാൻ 29 CFLTC കളിലായി 1280 ബെഡുകൾ കണ്ടെത്തുകയും തയ്യാറാക്കുകയും ചെയ്തിരുന്നു. ഇവയിൽ രണ്ടെണ്ണം CFLTC ഓറിയന്റൽ ഹോസ്റ്റൽ കൽപ്പറ്റയും CFLTC MRS കണിയാമ്പറ്റയും സജീവമായി പ്രവർത്തിക്കുകയും ചെയ്തു. CFLTC ഓറിയന്റൽ ഹോസ്റ്റൽ കൽപ്പറ്റ 2020 സെപ്റ്റംബർ 30 ന് പ്രവർത്തനം ആരംഭിക്കുകയും ഡിസംബർ 29 വരെ പ്രവർത്തനം തുടരുകയും ചെയ്തു. 204 ബെഡ് സൗകര്യമുണ്ടായിരുന്ന ഇവിടെ ആകെ 850 രോഗികളെ കിടത്തി ചികിത്സിക്കുകയുണ്ടായി. അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മികച്ച ചികിത്സയും താമസസൗകര്യവും ഭക്ഷണവും ഈ കേന്ദ്രങ്ങളിൽ ഒരുക്കാൻ സാധ്യമായി. |
| (ബി) | ഇതിനായി നാളിതുവരെ ആകെ എത്ര തുക വിനിയോഗിച്ചു; വിശദമാക്കുമോ? | (ബി) | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ കോവിഡ് ആശുപത്രികൾ /CFLTC/CSLTC(Covid Second Line Treatment Centre) എന്നിവിടങ്ങളിലേക്കാവശ്യമായ മെഡിക്കൽ |

| | | | |
|---|---|---|---|
| | | | നോൺ മെഡിക്കൽ സാമഗ്രികൾ വാങ്ങുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസ് മുഖേന അനുവദിക്കപ്പെട്ട സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നും കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വിവിധ സ്ഥാപനങ്ങളിലേയ്ക്ക് പ്രധാന ഉപകരണങ്ങൾ വാങ്ങുന്നതിനായി 34,72,422/- രൂപ (മുപ്പത്തിനാല് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി നാനൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. 2019-20 പ്ലാൻ ഫണ്ടിൽ നിന്നും സാംക്രമിക രോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്കായുള്ള ശീർഷകത്തിൽ കോവിഡ് പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്കായി കൽപ്പറ്റ നിയോജക മണ്ഡലത്തിലെ തരിയോട് സി.എച്ച്.സി.യ്ക്ക് 64000 രൂപ (അറുപത്തി നാലായിരം രൂപ മാത്രം) 2020 മാർച്ചിൽ അനുവദിക്കപ്പെട്ടുകയും ടി തുക വിനിയോഗിക്കപ്പെട്ടുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ